**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 230** **22-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ കുടുംബങ്ങളിൽ എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വനത്തിൽ കൂടി ലൈൻ വലിച്ചു വൈദ്യുതി നൽകേണ്ട (എറണാകുളം, വയനാട്, പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ) വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന വിദൂര കോളനികൾ വൈദ്യുതി ലഭ്യമല്ലെന്നുള്ളതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത കോളനികൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിച്ചു വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. വൈദ്യുതി എത്തിയിട്ടില്ലാത്ത ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ, തല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ